# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3484** **20.06.2018-ൽ മറുപടിക്ക്**

**വരാപ്പുഴ കസ്റ്റഡി മരണകേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴ കസ്റ്റഡി മരണക്കേസിൽ എറണാകുളം മുൻ റൂറൽ എസ്. പി. ശ്രീ. എ. വി. ജോർജ്ജിനെയും ആലുവ ഡി.വൈ.എസ്.പി.യെയും പ്രതിചേർക്കുന്ന കാര്യത്തിൽ അന്വേഷണസംഘം പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നോ; | (എ) അന്വേഷണസംഘം പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നു. അതിൽ ആലുവ ഡി.വൈ.എസ്.പി. - യെ പ്രതി ചേർക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടില്ല. |
| (ബി) എങ്കിൽ എന്ത് നിയമോപദേശമാണ് ലഭിച്ചതെന്ന് അറിയിക്കുമോ; | (ബി) എസ്. പി. - യെ പ്രതിചേർക്കാൻ കഴിയില്ലെന്ന നിയമോപദേശമാണ് ലഭിച്ചത്. |
| (സി) എസ്.പി.യെ വെള്ള പൂശുവാനും, അന്വേഷണം നിലവിൽ പ്രതി ചേർക്കപ്പെട്ട പോലീസുദ്യോഗസ്ഥരിൽ മാത്രം അവസാനിപ്പിക്കുവാനുമുള്ള ശ്രമം നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായ മുഴുവൻ പോലീസുദ്യോഗസ്ഥർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**